പെർമനൻറ് അദാലത്ത് സമിതി(1) ൻറെ യോഗം 22/05/2024 പകൽ 11 മണിക്ക് ചേർന്നതിന്റെ ഹാജറും തീരുമാനങ്ങളും.

**ഹാജർ:**

1. സതീശൻ.കെ.വി IVO – കൺവീനർ (ഒപ്പ്)

2. നിധിൻ കുമാര് .എസ്,ഡെപ്യൂട്ടി ടൌൺ പ്ലാനര് (ഒപ്പ്)

3 .ബിജു.പി. വി, അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ പയ്യന്നൂര് ബ്ലോക്ക് പഞ്ചായത്ത്. (ഒപ്പ്)

4. സിസ്റ്റർ. കാതറീൻ തോമസ് (ST. MARTIN DE- PORES HOSPITAL) ( ഒപ്പ്)

5. നിഷ.കെ.പി, അസി.സെക്രട്ടറി,ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് (ഒപ്പ്)

6. സഹജൻ.എം.ഇ (ഒപ്പ്)

7. എം.ടി മൃദുല. അസി.സെക്രട്ടറി,കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് (ഒപ്പ്)

**അജണ്ട(1)**

ചെറുകുന്ന് ഗ്രാമ പഞ്ചായത്തിനെതിരെ കനോഷ്യൻ ചാരിറ്റബിൾ ഇൻസ്ററിറ്റ്യൂഷൻ സൊസൈറ്റി വൈസ് പ്രസിഡൻറിൻറെ പരാതി.

റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾക്ക് നമ്പര് ലഭിച്ചില്ല എന്നതാണ് പരാതി.

പരാതി വളരേ മുമ്പ് MLA വഴി നല്കിയതാണെന്നും നിലവില് ഈ കെട്ടിടങ്ങൾക്ക് നമ്പർ കിട്ടിയിട്ടുണ്ടെന്നും സൊസൈറ്റിക്കുവേണ്ടി ഹാജരായ സിസ്റ്റർ കാതറീൻ തോമസ് അറിയിച്ചു. നിലവിൽ ഇതു സംബന്ധിച്ച പരാതികളൊന്നും ഇല്ലെന്നും അവർ പറഞ്ഞു.

**തീരുമാനം:-**

1. സേവനം ഇതിനകം ലഭിച്ചിട്ടുണ്ടെന്നും വളരെ മുമ്പ് നല്കിയ പരാതിയാണ് ഇപ്പോൾ പരിഗണനക്ക് വന്നിട്ടുള്ളതെന്നും ബോധ്യമായി.തുടർ നടപടികൾ ആവശ്യമില്ല.

**അജണ്ട(2)**

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിനെതിരെ സഹജൻ.എം.ഇ,രവീന്ദ്രൻ.കെ.പി എന്നിവർ നല്കിയ പരാതി.

വാണിജ്യകെട്ടിട സമുച്ചയത്തിന് പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ചാണ് പരാതി.എല്ലാ അപാകതകളും പരിഹരിച്ച് അപേക്ഷ സമർപ്പിച്ചപ്പോൾ പരിവർത്തനം ചെയ്ത ഭൂമിയിലെ കെട്ടിട നിർമ്മാണത്തിന് ഒടുക്കേണ്ട അധിക ഫീസ് സംബന്ധിച്ച അവ്യക്തതയാണ് പെർമിറ്റ് അനുവദിക്കാതിരിക്കുന്നതെന്ന് പരാതിക്കാരൻ പറഞ്ഞു. കെട്ടിട നിർമ്മാണം നടത്തുന്നത് പുരയിടവും പരിവർത്തനം ചെയ്ത ഭൂമിയും ഉൾപ്പെട്ട സ്ഥലത്തായതിനാൽ കെട്ടിടത്തിൻറെ മൊത്തം വിസ്തീർണ്ണത്തിന് അധിക ഫീസ് കൊടുക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണത്തിന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

**തീരുമാനം:-** കെട്ടിട നിർമ്മാണം ഉദ്ദേശിക്കുന്ന കല്ല്യാശ്ശേരി വില്ലേജിൽ റി.സ.നമ്പർ 296/119,296/9A എന്നീ ഭൂമിയിൽ റി.സ.നമ്പർ 296/119 സ്വഭാവ വ്യതിയാനം വരുത്തിയിട്ടുള്ളതാണ്.1680.77ച.മി വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിക്കുന്നത്.കേരള നെൽ വയൽ തണ്ണീർതട സംരക്ഷണ(ഭേദഗതി) നിയമം 2015 പ്രകാരം സ്വഭാവ വ്യതിയാനം വരുത്തിയ

ഭൂമിയിലെ 3000ച.അടിയിൽ കൂടുതലുള്ള കെട്ടിട നിർമ്മാണത്തിന് ചതുരശ്ര അടിക്ക് 100/- രൂപ നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ടതുണ്ട്.കെട്ടിടനിർമ്മാണം രണ്ടിടത്തിൽപ്പെട്ട ഭൂമിയിലായതിനാൽ മൊത്തം കെട്ടിടത്തിൻറെ വിസ്തൃതി കണക്കാക്കിയാണോ അതോ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയിൽ ഉൾപ്പെടുന്ന കെട്ടിടഭാഗത്തിൻറെ വിസ്തൃതിക്ക് അനുസൃതമായാണോ അധിക ഫീസ് അടവാക്കേണ്ടത് എന്ന് സംബന്ധിച്ച സ്പഷ്ടീകരണത്തിനായി സെക്രട്ടറി 30/04/2024 തീയതിയിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

നിലവിൽ സർക്കാര് സ്പഷ്ടീകരണത്തിനായി അപേക്ഷ സമർപ്പിച്ചതിനാല് ടി സ്പഷ്ടീകരണത്തിന് വിധേയമായി തടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നല്കി തീരുമാനിച്ചു.